LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. നഗരവികസന പദ്ധതികളുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനായി അർബൻ 2020 എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും, തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആറുകൾ) കാലേകൂട്ടി തയ്യാറാക്കുന്നതിനും, പ്രസ്തുത ഡി.പി.ആറുകൾ മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) നഗരസഭാ പദ്ധതികളുമായി ബന്ധപ്പെട്ട ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനായി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. നഗരസഭകൾ രൂപം നൽകുന്ന പ്രോജക്ട് ആശയങ്ങൾ സ്റ്റേറ്റ് ലെവൽ ഡി.പി.ആർ. കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് അവ വിശദമായ പ്രോജക്ട് റിപ്പോർട്ട് തലത്തിലേക്ക് പരിവർത്തിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സഹായം നഗരസഭകൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) അർബൻ 2020 പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി ഫണ്ടിൽ നിന്നും 5 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പ്ലാൻ പദ്ധതി പ്രകാരം ചെലവാക്കിയ തുക

310 (1736) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഫെബ്രുവരി 28 വരെ മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ പ്ലാൻ പദ്ധതി പ്രകാരം എത്ര തുക ചെലവാക്കി; ആയത് എത്ര ശതമാനം; വിശദമാക്കാമോ ;

(ബി) 2015-16-ലെ പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം ഫെബ്രുവരി 28 വരെ മുനിസിപ്പാലിറ്റികൾ 1,75,30,70,819 രൂപയും (46.3%) മുനിസിപ്പൽ കോർപ്പറേഷനുകൾ 1,16,05,48,461 രൂപയും (32.6%) ചെലവാക്കി.

(ബി) ഉണ്ട്. 2015 ഫെബ്രുവരി 28-നകം പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്നത് വരെയുള്ള പ്രക്രിയ പൂർത്തിയാക്കണം എന്ന് നിർദ്ദേശിക്കുന്ന സമയക്രമമാണ് നൽകിയിരുന്നത്.

പാർട്ണർ കേരള മിഷൻ

309 (1737) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ണർ കേരള മിഷൻ രൂപീകൃതമായത് എന്നാണ് ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) 2014 ഫെബ്രുവരി മാസം നടന്ന നിക്ഷേപക സംഗമത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) സംഗമത്തിൽ നിക്ഷേപകർ താല്പര്യം പ്രകടിപ്പിച്ച പദ്ധതികളുടെ രൂപരേഖ തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) 2015-16 സാമ്പത്തിക വർഷം നഗരകാര്യ വകുപ്പിന്റെ കീഴിൽ ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2014 സെപ്റ്റംബർ 27-ാം തീയതി പാർട്ണർ കേരള മിഷൻ നിലവിൽ വന്നു. പ്രാദേശിക സർക്കാരുകൾ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കണ്ടെത്തിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനുവേണ്ടിയാണ് പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുള്ളത്.